THE STATE ELECTRICITY OMBUDSMAN
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

അപ്പീൽ പരാതി നമ്പർ: P/069/2025

(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)

തീയതി: 19-01-2026

പരാതിക്കാരൻ	:	ശ്രീ.ഷാനി.പി.ബാലൻ പൂവക്കോട്ടിൽ, മെഡിക്കൽ കോളേജ് പി.ഒ അത്താണി, തൃശ്ശൂർ ജില്ല - 680590
എതിർകക്ഷി	:	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, വടക്കാഞ്ചേരി, തൃശ്ശൂർ ജില്ല.

ഉത്തരവ്

പരാതിയുടെ പശ്ചാത്തലം

അപ്പീൽ പരാതി സമർപ്പിച്ചിട്ടുള്ള ശ്രീ. ഷാനി പി ബാലൻ ലൈസൻസിയായ KSEBL ന്റെ മെഡിക്കൽ കോളേജ് (പെരിങ്ങണ്ടൂർ) സെക്ഷനിലെ ഉപഭോക്താവാണ്. ഉപഭോക്തൃ നമ്പർ.1157148006924 ആയിട്ടുള്ള കണക്ഷൻ LT IV A താരിഫിൽ 34.47 KW connected ലോഡുള്ള industrial കണക്ഷനാണ്. ഈ കണക്ഷനിൽ 11/2004 ൽ നൽകിയിട്ടുള്ളതാണ്. 03/2015 ൽ അധിക ലോഡ് ആവശ്യപ്പെട്ടതനുസരിച്ച് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുവേണ്ടി 2,88,000/- രൂപ ഡെപ്പോസിറ്റായി അടയ്ക്കുകയും ചെയ്തു. DP സ്ഥാപിച്ച 100 kVA ട്രാൻസ്ഫോർമർ സ്ഥാപിച്ചെങ്കിലും additional load എടുക്കുകയുണ്ടായില്ല. വൈദ്യുത ചാർജ് കുടിശ്ശിക വരുത്തിയതിനാൽ 01/2022 ൽ കണക്ഷൻ അഴിച്ചെടുക്കുകയും ട്രാൻസ്ഫോർമർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ അവിടെ

നിന്ന് മാറ്റുകയും ചെയ്തു. കുടിശ്ശിക ഉണ്ടായിരുന്ന തുക അടച്ചുതീർന്ന ശേഷം വീണ്ടും കണക്ഷന് അപേക്ഷിച്ചതിനാൽ **115714401633** നമ്പർ ആയി പുതിയ കണക്ഷൻ **06/2022** ന് **34.376** കണക്റ്റഡ് ലോഡോടുകൂടി നൽകുകയുണ്ടായി. **06/2022** ൽ കണക്ഷൻ ലഭിച്ചശേഷം കറന്റ് ചാർജ് ആയി ഒരു തുകയും അടച്ചിട്ടില്ല. **05/01/2023** വരെയുള്ള കുടിശ്ശിക **33,515/-** രൂപ അടയ്ക്കാനുള്ള നോട്ടീസ് നൽകിയിരുന്നു. സെക്യൂരിറ്റി ഡെപ്പോസിറ്റ് കഴിഞ്ഞുള്ള തുക ഈടാക്കുന്നതിനുവേണ്ടിയുള്ള റവന്യൂ റിക്കവറി അവസാനിപ്പിക്കുന്നതിനും, പുതുതായി സ്ഥാപിച്ച ട്രാൻസ്ഫോർമർ പരാതിക്കാരന് വേണ്ടി ഉപയോഗിച്ചിട്ടില്ലാത്തതിനാൽ അതിനുവേണ്ടി അടച്ച തുക തിരികെ ലഭിക്കുന്നതിനും വേണ്ടിയുള്ളതാണ് പരാതി. **CGRF** ൽ നൽകിയ പരാതി **OP No. 110/2024-25** ആയി കേൾക്കുകയും **10th April 2025** ൽ ഉത്തരവിറക്കുകയും ചെയ്തു. ആ ഉത്തരവിൽ തൃപ്തനല്ലാത്തതിനാലാണ് ഈ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

പരാതിക്കാരന്റെ വാദം

The complainant Shri. Shani P Balan, Electrical Section, Medical College, Thrissur, has a 3-phase connection with a connected load of 34470 watts for a manufacturing enterprise at Athani, Thrissur under the name of "Associated Bolts" with consumer number 1157148006924. The introduction of the load shedding in the state in 1998 due to power shortage affected Complainant's business. The complainant then requested KSEB to disconnect the electricity connection. There was no arrears of electricity charges till that date. When the bills were not received, the complainant assumed that the electricity connection had been disconnected. In 2002, the complainant approached the KSEB to take an electricity connection to restart his business. However the Respondent demanded the complainant to pay arrears of 33 months since 1998 towards his electricity connection which was illegal.

Thereafter the complainant was forced to pay Rs 65000 in total in which Rs 40000 towards the electricity charge due of 33 months since 1998 under old consumer number, Rs 20000 towards cash deposit and Rs 5000 towards connection charges to get a new LTV electricity connection of 45hp.

In 2015 when there arise a need of an additional 15 hp power for the operation of a particular machine for the production of bolts, the complainant made an application to the licensee. According to the direction given by the licensee that to avail an electrical connection of more than 50 hp power there is a need of new transformer and the complainant was made to pay an amount of Rs 288000 towards cost of transformer, Rs 10000 towards the erection charges and Rs 2000 towards service charges. In addition to this the complainant had an additional expense of Rs 100000 towards cost of panel board and Rs 75000 towards the cost of wiring.

Though the licensee erected a new transformer after making the complainant to pay Rs 288000 to the licensee, the supply of electricity to the business enterprise of the complainant was from another transformer of an another enterprise named SHYAMS PINS ENTERPRISE. The licensee had removed the transformer from the premises of the complainant business enterprise, for which the complainant had paid a huge amount and used the said transformer for giving electricity supply to other enterprises. Since the transformer is having huge load capacity and usually the consumers had to pay for fixing such transformers, the complainant believed that the licensee would have definitely sold it to another consumer for high cost.

Since the complainant's business was in loss and because of arrears of the electricity charges the business operations of the complainant's enterprise has come to an end. Thereafter when the enterprise reopened the required electricity was supplied from the transformer of an Enterprise named YAMUNA TILES. Then further in 2017 the operations of the complainant's Enterprise again come to an end and the complainant requested the licensee to dismantle the Electricity connection. After six months the connection has been dismantled and thereafter complainant received any electricity bills.

Thereafter the complainant received electricity bills showing arrears of the electricity charges for the dates 07/12/2018, 14/10/2019, 23/10/2020 and 21/04/2021. In 2022 the licensee demanded Rs 127000 from the complainant towards the charges due. The complainant then paid Rs 94000 towards charges due in order to get the new connection Rs 25000 towards connection charges. The said connection dismantled on 05/01/2023. Thereafter the licensee had initiated Revenue Recovery action against the complainant on account of a balance payment of Rs 24044 in charges due. The licensee has acted in several ways to make unlawful profit on account of illegal electricity charges due and had removed the transformer from the premises of the complainant enterprises, the entire expenses of which has been paid by the complainant. The aforesaid act of the licensee had resulted in huge financial loss to the complainant and had created mental agony. So the complainant approached the Consumer Grievence Redressal Forum, Central Region, Kalamassery, Ernakulam in OP No.110/2024-25 and had aggrieved by its order.

Hence the Complainant prayed to set aside the order dated 10/04/2025 of the Consumer Grievance Redressal Forum, Central Region, Kalamassery, Ernakulam in OP No.110/2024-25 and also seeks an order to terminate the Revenue Recovery proceedings initiated against the complainant and to repay Rs 288000 the charges paid against Transformer fixation along with expenses incurred for the fixation of panel board and related accessories.

The decision of Consumer Grievance Redressal Forum ultra-vires The Kerala State Electricity Supply Code, 2014 since it ignored the Regulation 24(2) of the Code that "the licensee may use the service line and other apparatus to give

supply to other consumers, if the supply to the consumer who has paid for such line and apparatus is not affected adversely". The order of Consumer Grievance Redressal Forum is arbitrary since it does not taken into consideration the fact that the licensee had taken away the transformer which the complainant had already paid to sell it to another enterprise. The Consumer Grievance Redressal Forum failed to grant proper relief since it failed to award compensation or refund of transformer fixation charges to the complainant.

To set aside or modify the order of CGRF dated 10/04/2025 in OP No. 110/2024-2025 so as to get compensation and refund to the complainant. To stay process of Revenue Recovery initiated by issuing demand notice by Deputy Tahsildar, Thrissur Taluk in pursuance of the order CGRF dated 10/04/2025 in OP No. 110/2024-2025. Any other just and equitable relief.

എതിർകക്ഷിയുടെ വാദം

മെഡിക്കൽകോളേജ് (പെരിങ്ങണ്ടൂർ) ഇലക്ട്രിക്കൽ സെക്ഷനിലെ ശ്രീ. ഷാനി. പി ബാലന് ഉണ്ടായിരുന്ന കൺസ്യൂമർ നമ്പർ.**1157148006924 (Account closed)** ൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് വേണ്ടി അടവാക്കിയ എസ്റ്റിമേറ്റ് തുകയും പരാതിക്കാരന്റെ പേരിലുള്ള മറ്റൊരു കൺസ്യൂമർ നമ്പർ ആയ **157144016733 (under RR action)** ൽ ഉള്ള റവന്യൂ റിക്കവറി നടപടികൾ അവസാനിപ്പിച്ച് ഉത്തരവ് കിട്ടുന്നതിനും വേണ്ടി പരാതിക്കാരൻ സമർപ്പിക്കുന്ന അപേക്ഷയാണ് ഇത്. നിവേദനത്തിൽ പ്രതിപാദിച്ചിട്ടുള്ള മെഡിക്കൽകോളേജ് (പെരിങ്ങണ്ടൂർ) ഇലക്ട്രിക്കൽ സെക്ഷനിലെ വൈദ്യുതി കണക്ഷൻ, കൺസ്യൂമർ നമ്പർ **1157148006924** വ്യാവസായികാവശ്യത്തിനുള്ള **LT IV A** താരിഫിൽ **34470 Watts** രജിസ്ട്രേഡ് കണക്റ്റഡ് ലോഡോടുകൂടി ഹർജിക്കാരന്റെ പേരിൽ **20/11/2004** ന് നൽകിയിട്ടുള്ളതാണ്. ശ്രീ. ഷാനി. പി. ബാലൻ നിവേദനത്തിൽ ഖണ്ഡിക **1** മുതൽ **2** വരെ പറഞ്ഞിട്ടുള്ള **1995** മുതലുള്ള കണക്ഷന്റെ കൺസ്യൂമർ നമ്പർ, **33** മാസത്തെ വൈദ്യുതി ബില്ല് കുടിശ്ശിക **40,000/-** രൂപ അടച്ചതിന്റെ ബില്ല് വിവരങ്ങൾ തുടങ്ങിയവ പരാതിയിൽ രേഖപ്പെടുത്താതിരുന്നതിനാൽ അങ്ങനെ ഒരു കണക്ഷൻ അദ്ദേഹത്തിന്റെ പേരിൽ എടുത്തിട്ടുള്ളതായി കണ്ടെത്തുവാൻ സാധിച്ചിട്ടില്ല.

ടി പരാതികാരൻ **1157148006324** എന്ന കണക്ഷൻ **15** എച്ച്പി കൂടി അഡീഷണൽ ലോഡ് ആവശ്യപ്പെട്ട് **19/03/2015** ൽ പവർ അലോക്കേഷൻ ആപ്ലിക്കേഷൻ ഫീസ് അടയ്ക്കുകയും (**Rs.10/-, Adv.Est.2000/- Rt No. 57140800000082238)** ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും എസ്റ്റിമേറ്റ് തുക **2,90,000/- (AS No.13/14-15/19-03-2015 of AEE/ESD/Wadakkanchery)** അഡ്വാൻസ് എസ്റ്റിമേറ്റ് തുക **(Adv.Est.Rs.2000/-)**

കുറച്ച് 2,88,000/- രൂപ അടയ്ക്കുകയും ചെയ്തു.DP സ്ഥാപിച്ച് 100KVA ട്രാൻസ്ഫോമർ ഇൻസ്റ്റലേഷൻ വർക്ക് പൂർത്തീകരിക്കുകയും ചാർജ് ചെയ്ത് ടി ട്രാൻസ്ഫോമറിൽ നിന്നും പരാതിക്കാരന് സപ്ലൈ നൽകി വരികയും ചെയ്തിട്ടുള്ളതാണ്. 04/2018 മുതൽ പരാതിക്കാരൻ വൈദ്യുതി ബിൽ മുടക്കം വരുത്തുകയും പരാതിക്കാരന്റെ അപേക്ഷയിൻമേൽ വൈദ്യുതി ബിൽ കുടിശ്ശിക ആയ 25360 രൂപ അടക്കുവാൻ എക്സിക്യൂട്ടീവ് എൻജിനീയർ 4 ഇൻസ്റ്റാൾമെന്റ് ആയി 07/12/2018 ന് അനുമതി കൊടുക്കുകയും വൈദ്യുതി ബിൽ കുടിശ്ശിക ഇൻസ്റ്റാൾമെന്റ് ആയി അടയ്ക്കുകയും ചെയ്തിട്ടുണ്ട്. 04/2019 മുതൽ വീണ്ടും വൈദ്യുതി ബിൽ മുടക്കം വരുത്തുകയും ആറുമാസം കഴിഞ്ഞ് 14/10/2019 ൽ ഡിസ്റ്റാൻഡിലിങ് നോട്ടീസ് നൽകുകയും കുടിശ്ശിക അടയ്ക്കുകയും ചെയ്തിട്ടുള്ളതാണ്.

04/2020 മുതൽ വീണ്ടും വൈദ്യുതി ബിൽ കുടിശ്ശിക ആവുകയും കോവിഡ് 19 മൂലം ഡിസ്കണക്ഷൻ/ ഡിസ്മാൻഡിലിങ് പ്രവർത്തികൾ നിർത്തിവയ്ക്കുകയും ചെയ്തതിനാൽ 21/04/2021 ന് ഡിസ്മാൻലിംങ് നോട്ടീസ് നൽകിയെങ്കിലും കണക്ഷൻ 21/01/2022 മാത്രമാണ് അഴിച്ചെടുക്കുവാൻ സാധിച്ചിട്ടുള്ളത്. അഴിച്ചെടുക്കുന്നതിന് മുമ്പും പരാതിക്കാരനുമായി ഫോണിൽ ബന്ധപ്പെടുകയും 2022 ജനുവരി 20 ന് ഉള്ളിൽ കുടിശ്ശികത്തുക അടച്ചു കൊള്ളാം എന്നും അതിനു പറ്റിയില്ലെങ്കിൽ കണക്ഷൻ അഴിച്ചെടുത്തു കൊണ്ടുപോകുന്നതിന് പരാതിക്കാരന് സമ്മതമാണെന്നും രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതനുസരിച്ച് കുടിശ്ശിക തുക അടക്കാത്തതിനാൽ കണക്ഷൻ ഡിസ്മാന്റലിങ് ചെയ്യുന്നതിന്റെ ഭാഗമായി 24.01.2022 ന് മീറ്ററും അനുബന്ധ ഉപകരണങ്ങളും അഴിച്ചെടുക്കുകയും, ട്രാൻസ്ഫോർമർ ഡിസ്മാന്റലിംങ് ചെയ്യുന്നതിനായുള്ള വർക്ക് ഡെപ്പോസിറ്റ് തുകയായ Rs. 18260/- 22.03.2022 ന് പരാതിക്കാരൻ അടച്ചതിനെ തുടർന്ന് ട്രാൻസ്ഫോർമർ അഴിച്ചെടുക്കുകയുമാണ് ഉണ്ടായത്.

കുടിശ്ശിക ഈടാക്കുന്നതിനായി ജപ്തി നടപടികൾ ആരംഭിക്കുന്നത് ഒഴിവാക്കാൻ 30 ദിവസത്തിനുള്ളിൽ എല്ലാ കുടിശ്ശികയും (ട്രാൻസ്ഫോമർ ഡിസ്മാന്റലിംങ് ചെയ്യേണ്ടതുക അടക്കം) (Rs. 127253 - Security Deposit Adjust ചെയ്തതിനുശേഷമുള്ള തുക) അടച്ച് തീർക്കാൻ സെക്ഷൻ ഓഫീസിൽനിന്നും 23.03.2022 ന് പരാതിക്കാരന് നോട്ടീസ് കൊടുത്തിരുന്നു. പരാതിക്കാരന്റെ സാമ്പത്തിക പരാധീനതയും കോവിഡ് 19 സാഹചര്യങ്ങളും കണക്കിലെടുത്ത് ഡിസ്മാന്റിലിങ്ങ് നോട്ടീസ് കൊടുത്ത് അഴിച്ചെടുക്കുന്നതിന് താമസം വന്ന 7 മാസത്തെ കറന്റ് ബിൽ (fixed charge 06/2021 to 01/2022) Rs. 32531/- രൂപ ഒഴിവാക്കി കൊടുത്തിട്ടുണ്ട്. Rs. 127253/- ൽ നിന്ന് Rs 32531/-രൂപ കിഴിച്ച് Rs.94722/- രൂപ പരാതിക്കാരൻ നേരിട്ട് 16-05-2022 ന് സെക്ഷൻ ഓഫീസ്

കൌണ്ടറിൽ വന്ന് അടച്ച് കുടിശ്ശിക തീർത്ത് പരാതിക്കാരന്റെ (**Consumer number 6924** ലെ) എല്ലാ ബാധ്യതകളും ഒഴിവാക്കിയിട്ടുള്ളതാണ്.

കുടിശ്ശിക തുകയായ **Rs.94722/-** രൂപ പരാതിക്കാരൻ **16-05-2022** ന് അടച്ച് തീർപ്പാക്കിയതിനുശേഷം പുതിയ കണക്ഷൻ വേണ്ടി അപേക്ഷ **21-05-2022** ൽ അപേക്ഷ ഫീസ് **50/-**രൂപ, **GST Rs.10/-** രൂപയും **22-06-2022** ന് ക്യാഷ് ഡെപ്പോസിറ്റ് **Rs.17500/-** രൂപ **ECSC Rs.21750/-GST Rs. 3916/-** രൂപയും അടച്ച ശേഷം പുതിയ സർവീസ് കണക്ഷൻ കൺസ്യൂമർ നമ്പർ **1157144016733** പ്രകാരം വ്യാവസായികാവശ്യത്തിനുള്ള **LT IV A** താരിഫിൽ **34316 Watts** രജിസ്ട്രേഡ് കണക്റ്റ്ഡ് ലോഡോടുകൂടി ഹർജിക്കാരന്റെ പേരിൽ **25/06/2022** ന് നല്കിയിട്ടുള്ളതായിരുന്നു.

25-06-2022 ൽ വൈദ്യുതി കണക്ഷൻ ലഭിച്ചതിനു ശേഷം പരാതിക്കാരൻ കറന്റ് ചാർജ് ഇനത്തിൽ നാളിതുവരെ ഒരു തുകയും അടക്കാത്തതിനാൽ **26-05-2022** മുതൽ **05-01-2023** നോട്ടീസ് വരെയുള്ള കാലയളവിലെ കുടിശ്ശികയായ **Rs.33515/-** രൂപക്കുള്ള ഡിസ്മാന്റിലിങ് നോട്ടീസ് **05-01-2023** ന് പരാതിക്കാരന് നൽകിയിട്ടുള്ളതാകുന്നു. പരാതിക്കാരൻ കുടിശ്ശിക തീർക്കാത്തതിനാൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് **2014** റെഗുലേഷൻ **144 (1)(b)** പ്രകാരം ഇലക്ട്രിസിറ്റി കണക്ഷൻ ഡിസ്മാൻഡിൽ ചെയ്യുകയും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ **Rs.17500/-** രൂപ കുടിശ്ശികയിലേക്ക് വകയിരുത്തിയിട്ടുള്ളതും ആകുന്നു. ബാക്കിയുള്ള തുകയ്ക്ക് പ്രീ ആർ ആർ നോട്ടീസ് **08-02-2023** ന് നൽകിയിട്ടുള്ളതുമാണ്. കുടിശ്ശിക തീർക്കാത്തതിനാൽ **Requisition number: 2023/9521/08** ഡെപ്യൂട്ടി തഹസിൽദാർ, തൃശ്ശൂർ താലൂക്ക് റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതും ആകുന്നു.

ശ്രീ. ഷാനി പി. ബാലൻ റവന്യൂ റിക്കവറി നടപടികൾ അവസാനിപ്പിച്ച് ഉത്തരവ് കിട്ടുന്നതിനും ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ വേണ്ടി അടവാക്കിയ തുകയായ **2,88,000/** രൂപ തിരികെ ലഭിക്കുന്നതിന് വേണ്ടിയും ബഹു.**C.G.R.F.** മുമ്പാകെ **20-02-2025** പരാതി സമർപ്പിക്കുകയുണ്ടായി. എന്നാൽ ബഹു. **CGRF KSERC SUPPLY CODE 2014 Reg.24 1,2,3,4** പ്രകാരം ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ പരാതിക്കാരൻ അടച്ചിട്ടുള്ള **OYEC/ECSC** തുകകൾ ലൈസൻസിക്ക് തിരിച്ച് നൽകുന്നതിന് വ്യവസ്ഥയില്ലെന്നും റവന്യൂ റിക്കവറിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുവാൻ പരാതിക്കാരന് താല്പര്യമുള്ള പക്ഷം ലൈസൻസിയുടെ ഓഫീസിൽ ആയതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്നും ഉത്തരവായിട്ടുള്ളതാണ്. പരാതിക്കാരന്റെ പരാതി തള്ളിക്കൊണ്ട് ഫോറം **10/04/2025** ന് ഉത്തരവായിട്ടുള്ളതാണ്. നവ കേരള സദസിൽ പരാതിക്കാരൻ

ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ചോദിച്ചിട്ടുള്ളതും ഇക്കാര്യങ്ങൾ എല്ലാം പറഞ്ഞുകൊണ്ട് പരാതിക്കാരന് മറുപടി കൊടുത്തിട്ടുള്ളതുമാകുന്നു.

ഹർജിക്കാരന്റെ കണക്ഷനിലെ വൈദ്യുതി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നല്കിയിട്ടുള്ള ടി ബിൽ തുക അടക്കാൻ ഹർജിക്കാരൻ ബാദ്ധ്യസ്ഥനാണ്. ഹർജിയിലെ മറിച്ചുള്ള പ്രസ്താവനകൾ ശരിയല്ലാത്തതാണ്. കെഎസ്ഇബി ലിമിറ്റഡിന്റെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ട്രാൻസ്ഫോമർ സ്ഥാപിക്കുവാൻ ഡിവിഷൻ ക്യാഷായി അടച്ച OYEC/ECSC തുകകൾ തിരിച്ചു കൊടുക്കാവുന്നതല്ല. കൺസ്യൂമർ 0YEC/ECSC തുകകൾ അടയ്ക്കുന്നത് കെ എസ് ഇ ബി ലിമിറ്റ്ഡിന്റെ പ്രതിഷ്ഠാപനങ്ങൾക്കുള്ള മുൻകൂർ തുക മാത്രമാണ്. ECSC തുക അടച്ചാലും കെഎസ്ഇബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങൾ കൺസ്യൂമറുടെ ആകുന്നില്ല . കാലാകാലങ്ങളിൽ വേണ്ട മെയിന്റനൻസ് നടത്തുന്നതും കേടുവന്നാൽ ആവശ്യമെങ്കിൽ പ്രതിഷ്ഠാപനങ്ങൾ മാറ്റി സ്ഥാപിക്കുന്നതും കെഎസ്ഇബി ലിമിറ്റഡാണ്. ആയതിനാൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ അടച്ച തുക തിരിച്ച് നൽകുവാൻ സാധിക്കുന്നതല്ല.

എതിർകക്ഷികളുടെ ഭാഗത്തുനിന്നും യാതൊരു വിധത്തിലുള്ള സേവന വീഴ്ചയും ഉണ്ടായിട്ടില്ലാത്തതും ഈ എതിർകക്ഷികൾക്കെതിരെ ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ള യാതൊരു വിധ നിവൃത്തിക്കും ഹർജിക്കാരന് അവകാശമില്ലാത്തതുമാണ്. ആയതിനാൽ മേൽ ബോധിപ്പിച്ച കാരണങ്ങളാൽ ബഹുമാനപ്പെട്ട സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഓഫീസർ ദയവുണ്ടായി ഈ കാര്യവിവരപത്രികൾ സ്വീകരിച്ച് വ്യക്തമായ ഉത്തരമുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 31/12/2025-ന് രാവിലെ 11:00-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഡി.എച്ച്.റോഡ് എറണാകുളം ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ. ഷാനി.പി.ബാലൻ എതിർ കക്ഷിയായ ശ്രീമതി. ഇന്ദു.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വടക്കാഞ്ചേരി, തൃശ്ശൂർ എന്നിവരാണ് പങ്കെടുത്തത്.

തൃശ്ശൂർ ജില്ലയിലെ അത്താണിയിലെ Industrial Development പ്ലോട്ടിൽ Associated Bolts എന്ന വ്യവസായ സ്ഥാപനം നടത്തിയിരുന്ന വ്യക്തിയാണ് പരാതിക്കാരനായ ശ്രീ.ഷാനി പി ബാലൻ. മെഡിക്കൽ കോളേജ്

(പെരിങ്ങണ്ടൂർ), ഇലക്ട്രിക് സെക്ഷന്റെ കീഴിലുള്ള ഒരു ഉപഭോക്താവായിരുന്നു അദ്ദേഹം. കൺസ്യൂമർ നമ്പർ. **1157148006924** ആയ കണക്ഷൻ **11/2004** ൽ ആണ് ലഭ്യമാക്കിയിട്ടുള്ളത്. കണക്റ്റഡ് ലോഡ് **34.47 KW** ഉം **contract demand 28 kVA** ആയ കണക്ഷന്റെ താരിഫ് **LT 4A** ആയിരുന്നു. ഈ കണക്ഷൻ അത്താണി **110 kV substation** ൽ നിന്നുള്ള ഫീഡറിൽ സ്ഥാപിച്ചിട്ടുള്ള **SYAM SPINS transformer** ൽ നിന്നാണ് നൽകിയിട്ടുള്ളത്. **2015** ൽ **15 HP** അധിക ലോഡ് ആവശ്യമായി വന്നതിനാൽ **connected load** കൂട്ടുന്നതിന് വേണ്ടി ലൈസൻസിയ്ക്ക് അപേക്ഷ നൽകി. അധിക ലോഡ് നൽകുന്നതിന് വേണ്ടി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്നും അതിനുവേണ്ടി **2,88,000/-** രൂപ അടയ്ക്കണമെന്നും എതിർകക്ഷി അറിയിച്ചതനുസരിച്ച് പരാതിക്കാരൻ പ്രസ്തുത തുക അടയ്ക്കുകയുണ്ടായി. അത് പ്രകാരം ലൈസൻസി **100 kVA** കപ്പാസിറ്റി ഉള്ള ഒരു **11kV/433V,** ട്രാൻസ്ഫോർമർ ഉം അതിനുവേണ്ടിയുള്ള അനുബന്ധസംവിധാനങ്ങളും സ്ഥാപിക്കുകയുണ്ടായി. ലൈസൻസി സമർപ്പിച്ച **Material Issue Cost** പ്രകാരം **1,74,003** രൂപയുടെ സാധന സാമഗ്രികളാണ് ഇതിനു വേണ്ടി ഉപയോഗിച്ചിരിക്കുന്നത്. ബാക്കി തുക **labour cost** ഉം **supervision charge** ഉം ആയിരിക്കാമെന്ന് അനുമാനിക്കുന്നു. ഈ ട്രാൻസ്ഫോർമർ സ്ഥാപിച്ചെങ്കിലും അതിൽ നിന്നല്ല വൈദ്യുതി നൽകിയിരുന്നത് എന്നാണ് പരാതിക്കാരന്റെ വാദം.

കൂടാതെ സ്ഥാപിച്ച് അധികം താമസിയാതെ തന്നെ ട്രാൻസ്ഫോർമറും അനുബന്ധ സംവിധാനങ്ങളും ഇളക്കി മാറ്റി കൊണ്ടുപോയതായും പരാതിയിൽ പറയുന്നു. പരാതിക്കാരൻ ഹാജരാക്കിയ ബില്ലുകളുടെ പകര്പ്പ് പരിശോധിച്ചപ്പോൾ **2013** ൽ ഈ കണക്ഷൻ നൽകിയിരുന്നത് **Rinoose** എന്ന ട്രാൻസ്ഫോർമറിൽ നിന്നുമായിരുന്നു. എന്നാൽ **2014, 2015,2016** എന്നീ വർഷങ്ങളിൽ ഈ കണക്ഷൻ നൽകിയിരുന്നത് **SYAM SPMIS** എന്ന ട്രാൻസ്ഫോർമറിൽ നിന്നുമാണ്. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് മുൻപ് പരാതിക്കാരന്റെ **supply** നൽകിയിരുന്ന ട്രാൻസ്ഫോർമറാണ് **SYAM SPINS .** എന്നാൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച ശേഷമുള്ള ബില്ലുകളിലും **SYAM SPINS** എന്ന ട്രാൻസ്ഫോമറിൽ നിന്നാണ് കണക്ഷൻ നൽകിയിരുന്നത് എന്ന് വ്യക്തമാകുന്നു. അതായത് കണക്ഷൻ പുതിയ ട്രാൻസ്ഫോർമറിലേയ്ക്ക് മാറ്റിയിരുന്നില്ല എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. എതിർകക്ഷി വിവരിക്കുന്നത് പരാതിക്കാരൻ കണക്റ്റഡ് ലോഡുകൂട്ടുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നില്ല എന്നാണ്. **15 HP** അധികമായി പവർ അലോക്കേഷന് അപേക്ഷസമർപ്പിച്ച പ്രകാരമാണ് ട്രാൻസ്ഫോർമർ സ്ഥാപിച്ചത്. മാത്രവുമല്ല പരാതിക്കാരന്റെ പ്രതിമാസ ഉപഭോഗം **2016** മുതൽ **400** യൂണിറ്റിനകത്തും **01/07/2017** മുതൽ ഉപഭോഗം ഒന്നും രേഖപ്പെടുത്തിയിട്ടില്ല എന്നുമാണ്. ഇതിൽ നിന്നും പരാതിക്കാരന്റെ ചെലവിൽ സ്ഥാപിച്ച ട്രാൻസ്ഫോർമറിൽ നിന്ന്

അദ്ദേഹത്തിന് കണക്ഷൻ നൽകിയിട്ടില്ല എന്നത് കൂടുതൽ സ്പഷ്ടമാകുന്നു. **2017** ൽ തന്നെ ആ ട്രാൻസ്ഫോർമർ മാറ്റിക്കൊണ്ടുപോയി വേറെ ഉപഭോക്താവിന് വേണ്ടി ഉപയോഗിച്ചു എന്ന് പരാതിക്കാരൻ വാദിക്കുമ്പോൾ **02/2021** ൽ പ്രസ്തുത ട്രാൻസ്ഫോർമർ മറ്റൊരു ഉപഭോക്താവിന്റെ ട്രാൻസ്ഫോർമർ കേടായപ്പോൾ അവിടെ സ്ഥാപിക്കാൻ വേണ്ടി ഉപയോഗിച്ചു എന്ന് എതിർകക്ഷി സമ്മതിക്കുന്നു.

വൈദ്യുതി നിയമം **2003** ലെ സെക്ഷൻ **46** പ്രകാരം ലൈസൻസിയ്ക്ക് കണക്ഷൻ നൽകാൻ വേണ്ടിയുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് ഉപഭോക്താവിൽ നിന്ന് ഈടാക്കാനുള്ള അധികാരം നൽകുന്നു.

46.Power to recover expenditure *- The State Commission may, by regulations, authorise a distribution licensee to charge from a person requiring a supply of electricity in pursuance of section 43 any expenses reasonably incurred in providing any electric line or electrical plant used for the purpose of giving that supply*

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് **2014** റെഗുലേഷൻ **36** ലും ഇത് വ്യക്തമാക്കുന്നു.

36. Expenditure for extension or upgradation or both of the distribution system to be borne by the consumer*.- The expenditure for extension or upgradation or both of the distribution system undertaken exclusively for giving new service connection to any person or a collective body of persons or a developer or a builder, or for enhancing the load demand of a consumer or a collective body of consumers or a developer or a builder, shall be borne by the respective applicant or consumer or collective body of consumers or developer or builder, as the case may be, in the following cases:-*

(i) *for meeting the demand of an applicant with a contract demand above one megawatt (MW);*

(ii)*for meeting the additional demand of existing consumers, if the aggregate demand including the additional demand applied for, is above one megawatt (MW);*

(iii) *for meeting the demand of the domestic or commercial or industrial complex or colony constructed by a developer or a builder with a demand above one megawatt (MW);*

(iv) *for meeting the demand of a high rise building irrespective of its demand;*

(v) *for meeting the demand of power intensive unit irrespective of its demand; and*

(vi) *for meeting the demand of a consumer requesting for dedicated feeder or protected load status irrespective of its demand:*

Provided that, if due to technical reasons, the extension or upgradation or both to be undertaken by the licensee as per this regulation is more than the requirement of such

consumer, the expenditure for such extension or upgradation or both to be realised from the consumer shall be limited to the proportionate expenditure.

37. *Expenditure for service line, plant etc., for providing supply.-*

(1) *The consumer shall bear the expenditure for the service line or of the plant or of both, provided exclusively for him by the licensee.*

(2) *The expenditure for line and plant mentioned in sub regulation (1) above shall be determined as per the cost data approved by the Commission.*

കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള **cost data** പ്രകാരമായിരിക്കണം അടങ്കൽ തുക കണക്കാക്കേണ്ടത് എന്ന് **37** ൽ വിവരിച്ചിരിക്കുന്നു. ഈ പരാതിയിൽ ഉപഭോക്താവിന്റെ ചെലവിൽ ട്രാൻസ്ഫോർമറും മറ്റ് സംവിധാനങ്ങളും സ്ഥാപിച്ചെങ്കിലും അതിലേയ്ക്ക് കണക്ഷൻ മാറ്റിക്കൊടുത്തിട്ടില്ല. കൂടാതെ ആ ട്രാൻസ്ഫോർമർ മറ്റും ഇളക്കിമാറ്റി വേറെ ഉപഭോക്താവിന് വേണ്ടി സ്ഥാപിക്കുകയും ചെയ്തു. ഇളക്കിമാറ്റിയ സമയത്ത് ആ **installations** ന് വരുന്ന വില **Natural justice** പ്രകാരം ഉപഭോക്താവിന് അവകാശപെട്ടതല്ലേ ? **2015/2016** ൽ സ്ഥാപിക്കുകയും അത് **2021** ൽ ഇളക്കി മാറ്റുകയും പുനരുപയോഗിക്കുകയും ചെയ്തു. അപ്പോൾ അവയ്ക്ക് ബാധകമായ **Book Value** ഉപഭോക്താവിന് നൽകേണ്ടതാണ്.

06/2022 ൽ കണക്ഷൻ ലഭിച്ചശേഷം ഒരു തുകയും അടയ്ക്കാതിരുന്നതിനാൽ പുതിയതായി നൽകിയ കണക്ഷൻ നമ്പർ. **1157144016733, 2023** ൽ ഇളക്കി മാറ്റിയിട്ടുള്ളതാണ്. കുടിശ്ശിക വന്ന **33,575/-** രൂപയിൽ നിന്ന് **security deposit** ആയ **17,500** രൂപ കഴിച്ച് ബാക്കി തുക അടയ്ക്കാൻ ഉപഭോക്താവ് ബാധ്യസ്ഥനാണ്.

ലൈസൻസി നൽകിയിട്ടുള്ള **Oruma net** ലെ വിശദ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും **1157148006924** എന്ന കണക്ഷന്, **disconnect** ചെയ്ത ശേഷം ഏകദേശം **14** മാസത്തോളം **02/04/2020** മുതൽ **05/2021** വരെ **fixed charge** ഈടാക്കിയതായി കാണുന്നു. **03/2020** ന് ശേഷം പ്രതിമാസ കറന്റ് ചാർജ് അടയ്ക്കാതിരുന്ന ഉപഭോക്താവിന്റെ കണക്ഷൻ **04/2020** ൽ വിഛേദിക്കുകയോ അഥവാ വിഛേദിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ വിഛേദിക്കപ്പെട്ടതായി കണക്കാക്കുകയോ വേണം. അങ്ങനെയെങ്കിൽ **04/2020** മുതൽ **6** മാസത്തേയ്ക്കുള്ള **fixed charge** മാത്രമേ ഈടാക്കാൻ പാടുള്ളൂ. **covid -19** മൂലം **disconnect** ചെയ്യാനോ **dismantle** ചെയ്യാനോ താമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ പേരിൽ ഉപഭോക്താവിനെ ശിക്ഷിക്കുന്നത് നീതിയുക്തമല്ല. അതിനാൽ

05/2020 മുതലുള്ള **6** മാസത്തെ **FC** കഴിച്ച് ബാക്കി കാലത്തേയ്ക്ക് ഈടാക്കിയിട്ടുള്ള **FC** തിരികെ ലഭിക്കാൻ ഉപഭോക്താവിന് അർഹതയുണ്ട്.

141. Charges payable during the period of disconnection.- *The consumer is liable to pay the charges if any as approved by the Commission, during the period of disconnection also: Provided that no charge shall be due to the licensee for the period which is in excess of one hundred and eighty days from the date of disconnection if the connection remains continuously disconnected for one hundred and eighty days except on the request of the consumer*

തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1) പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചതിലേയ്ക്ക് കണക്ഷൻ മാറ്റിക്കൊടുക്കാത്തതിനാലും അത് ഇളക്കിയെടുത്ത് വേറെ ഉപഭോക്താവിന് വേണ്ടി ഉപയോഗിച്ചതിനാലും ആ **Installations** ന് **2021**ൽ ബാധകമായ **Book value** പ്രകാരമുള്ള തുക പരാതിക്കാരന് നൽകേണ്ടതാണ്.
2) **05/2020** മുതൽ **6** മാസത്തിൽ കൂടുതൽ കാലത്തേയ്ക്ക് ഈടാക്കിയിട്ടുള്ള **fixed charge** തിരികെ നൽകേണ്ടതാണ്.
3) **06/2022** മുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള തുക അടയ്ക്കാൻ പരാതിക്കാരൻ ബാധ്യസ്ഥനാണ്.
4) തീരുമാനം **(3)** പ്രകാരമുള്ള തുക തീരുമാനം **(1),(2)** പ്രകാരം നൽകേണ്ട തുകയിൽ തട്ടിക്കഴിക്കേണ്ടതാണ്. അതിനാൽ തന്നെ കുടിശ്ശികയ്ക്ക് പലിശ ഈടാക്കാൻ പാടുള്ളതല്ല.
5) മേൽ തീരുമാനങ്ങളെല്ലാം തന്നെ ഈ ഉത്തരവ് കൈപ്പറ്റി **45** ദിവസത്തിനകം നടപ്പിൽ വരുത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
6) മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ

P/069/2025/ തീയതി: 19-01-2026

അയക്കുന്നത്:

1. ശ്രീ.ഷാനി.പി.ബാലൻ, പൂവക്കോട്ടിൽ, മെഡിക്കൽ കോളേജ് പി.ഒ, അത്താണി, തൃശ്ശൂർ ജില്ല - **680590**
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, വടക്കാഞ്ചേരി, തൃശ്ശൂർ ജില്ല

പകർപ്പ് സമർപ്പിക്കുന്നത്:

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം **-10.**
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- **4.**
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കളമശ്ശേരി, എറണാകുളം - **683503**